പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 258 — 11/10/2011-ൽ മറുപടിക്ക്

## ഭൂരഹിതരും ഭവനരഹിതരുമായ പട്ടിക ജാതി വിഭാഗക്കാർക്ക് ധനസഹായം

ചോദ്യം

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.പാലോട് രവി
ശ്രീ.എ.റ്റി.ജോർജ്
ശ്രീ.വി.റ്റി.ബൽറാം.

മറുപടി

ശ്രീ.എ.പി.അനിൽകുമാർ
( പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നിലവിൽ നൽകി വരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | (1) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം, ഭവന നിർമ്മാണത്തിനുള്ള ധനസഹായം എന്നിവ അനുവദിച്ചുവരുന്നു. (2) പട്ടികജാതിക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗക്കാരായ നായാടി, വേടൻ, ചക്ലിയൻ,അരുന്ധതിയാർ കള്ളാടി തുടങ്ങിയ വിഭാഗങ്ങൾക്ക് പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം അനുവദിച്ചുവരുന്നു. (3) പലിശരഹിത ഭവന നിർമ്മാണ വായ്പാ പദ്ധതി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ചുവരുന്നു. |
| (ബി) | ഇവർക്കു നൽകി വരുന്ന ആനുകൂല്യങ്ങളും ധനസഹായവും വർദ്ധിപ്പിക്കുവാൻ ആലോചനയുണ്ടോ; | (ബി) | 25.08.2011-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 87/2011/പജപവവിവ പ്രകാരം ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം ഗ്രാമപ്രദേശങ്ങളിൽ 1.50 ലക്ഷം രൂപയായും, മുനിസിപ്പാലിറ്റികളിൽ 1.75 ലക്ഷം രൂപയായും, കോർപ്പറേഷനുകളിൽ രണ്ടുലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 15.09.2011-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 93/2011/പജപവവിവ പ്രകാരം ഭവന രഹിതരായ പട്ടികജാതി |

| | | | |
|---|---|---|---|
| | | | ക്കാർക്ക് വീടു വയ്ക്കുന്നതിനുള്ള ധനസഹായം 1ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ മുൻവർഷങ്ങളിൽ ധനസഹായം നൽകിയിട്ടും പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന 14,114 വീടുകൾ പൂർത്തീകരിക്കുന്നതിന് ആനുപാതികമായി വർദ്ധിപ്പിച്ച നിരക്കിലുള്ള ധനസഹായം അനുവദിക്കുന്നതിന് 28.09.2011-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 96/2011/പജപവവിവ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | | വർദ്ധിപ്പിച്ച നിരക്കിലുള്ള ധന സഹായ തുക ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ